# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **3801**

20.10.2016-ൽ മറുപടിക്ക്

## ഗൃഹശ്രീ ഭവനപദ്ധതി

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

(എ) ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട് സ്വന്തമായി വീടില്ലാത്ത സാധാരണ ജനങ്ങൾക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കുമായി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സ്വന്തമായി വീടില്ലാത്ത സാധാരണ ജനങ്ങൾക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കുമായി സർക്കാർ നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>എല്ലാവർക്കും വീട് പദ്ധതി</u>
സംസ്ഥാനത്തെ ഭവനരഹിതരെ സഹായിക്കുന്നതിന് എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെയുള്ള പാർപ്പിട പദ്ധതിയ്ക്ക് മുൻ സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡി നൽകുന്ന വായ്പകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള "എല്ലാവർക്കും വീട്" എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ. വിഭാഗക്കാർക്കായി 7000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മുൻ സർക്കാർ പ്രഖ്യാപിച്ച എല്ലാവർക്കും

വീട് പദ്ധതി പ്രകാരം ദുർബല വരുമാന വിഭാഗക്കാർക്കുള്ള 7000 വീടുകളുടെ നിർമ്മാണത്തിന് ഹഡ്കോ 231.84 കോടി രൂപ അനുമതി നൽകിയിട്ടുണ്ട്.

2. സാർവത്രികമായ ഭവന നിർമ്മാണത്തിലൂടെ, ഭൂരഹിതർക്കും ഭവനരഹിതർക്കും സമയബന്ധിതമായി വീട് വച്ച് നൽകുന്നതിന് ഒരു പദ്ധതി സമാരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വഴി നടപ്പിൽ വരുത്തിയ ഗൃഹശ്രീ ഭവന പദ്ധതിയിൽ നാളിതുവരെ എത്രമാത്രം തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്രത്തോളം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഗൃഹശ്രീ ഭവന പദ്ധതിയ്ക്കായി നാളിതുവരെ 4425 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിലൂടെ 1677 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുകയും 941 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയുമാണ്. |
| (സി) | മുൻസർക്കാരിന്റെ കാലത്ത് നടപ്പിൽ വരുത്തിയ ഗൃഹശ്രീ ഭവന പദ്ധതി കുറ്റമറ്റ രീതിയിൽ തുടർന്നും നടപ്പിൽ വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ